# ഭരണത്തിന്റെ തിണ്ണമിടുക്ക് വീണ്ടും... പാർക്കിംഗ് ഏര്യ കെട്ടിയടച്ചു!

സുഹൃത്തുക്കളെ,

ഭരണത്തിന്റെ ഹുങ്കിലും തിണ്ണമിടുക്കിലും അധികാരികളും ഭരണവിലാസം പോഷകരും നടത്തുന്ന നഗ്നമായ അധികാര ദുർവിനിയോഗവും സ്വജനപക്ഷപാതിത്വവും സെക്രട്ടേറിയറ്റ് കാമ്പസിൽ എല്ലാ സീമകളും ലംഘിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ തീർത്തും ജനാധിപത്യ വിരുദ്ധമായി ജീവനക്കാരുടെ ടൂവീലർ പാർക്കിംഗ് ഏര്യ കയ്യേറി ആശ്രിത സംഘത്തിന് പതിച്ചു നൽകാനുള്ള സർക്കാർ നീക്കം ജീവനക്കാരുടെ പ്രതിഷേധം മൂലം തടസ്സപ്പെട്ടിരുന്നു. എന്നാൽ കഴിഞ്ഞ അവധി ദിനങ്ങൾ മുതലാക്കി പോലീസിനെ അണിനിരത്തി നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. നിലവിലുള്ള നിയമവും കെട്ടിടനിർമ്മാണചട്ടങ്ങളും ലംഘിച്ചുകൊണ്ട് ഭരണസിരാകേന്ദ്രത്തിൽ തന്നെ അരങ്ങേറുന്ന പ്രസ്തുത നിർമ്മാണം ജീവനക്കാരോടും പൊതുജനങ്ങളോടുമുള്ള യുദ്ധപ്രഖ്യാപനമാണ്. കടുത്ത നിയമലംഘനത്തിന് സർക്കാർ തന്നെ നേതൃത്വം കൊടുക്കുന്നതുകൂടാതെ ഒരു സഹകരണ സ്ഥാപനത്തിന് സർക്കാർ ചെലവിൽ ലക്ഷങ്ങൾ മുടക്കി കെട്ടിടം നിർമ്മിച്ചു നൽകുകയും ചെയ്തിരിക്കുകയാണ്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

തദ്ദേശ തെരഞ്ഞെടുപ്പിലൂടെ കേരളത്തിലെ ജനങ്ങൾ നിരാകരിച്ച ഈ ഗവണ്മെന്റിന് ഇത്തരം നടപടികളിലൂടെ മുന്നോട്ട് പോവാൻ യാതൊരു ധാർമ്മിക അടിത്തറയുമില്ല. തീർത്തും ഏകപക്ഷീയമായി പരസ്യമായി ജനാധിപത്യ ധ്വംസനം നടത്തുന്ന ഒരു സഹകരണ സംഘത്തിനാണ് സർക്കാർ വഴിവിട്ട് സഹായം നൽകിയിരിക്കുന്നത്. ജീവനക്കാർ മെമ്പർഷിപ്പിനായി സമീപിക്കുമ്പോൾ സംഘടനാവൈരം മൂലം മാറ്റിനിറുത്തുന്ന ഹൗസിംഗ് സഹകരണ സംഘം ഭാരവാഹികളുടെ ഇരട്ടത്താപ്പ് പറഞ്ഞറിയിക്കേണ്ടതില്ല. ജീവനക്കാരുടെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ പാർപ്പിടപ്രശ്നം പരിഹരിക്കാനെന്ന പേരിൽ സ്ഥാപിക്കപ്പെട്ട സംഘമാണ് വഴിമാറി സഞ്ചരിച്ച് ഇതരസ്ഥാപനങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങളിൽ മുഴുകി കാലം കഴിക്കുന്നത്. തലസ്ഥാനനഗരിയിൽ സ്വന്തമായൊരു പാർപ്പിടമെന്ന സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്വപ്നം പൂവണിയിക്കാൻ ഇവർക്ക് ത്രാണിയേയില്ല.

പതിറ്റാണ്ടുകളായി സെക്രട്ടേറിയറ്റ് ജീവനക്കാർ ഉപയോഗിച്ചുപോരുന്ന അനക്സ് ബിൽഡിംഗിലെ ടൂവീലർ പാർക്കിംഗ് ഏര്യ കയ്യേറി ആശ്രിതസംഘത്തിന് പതിച്ചുനൽകാനുള്ള നീക്കം സർക്കാർ ഉപേക്ഷിക്കണമെന്ന് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സർക്കാരിനോടാവശ്യപ്പെടുന്നു. രൂക്ഷമായ പാർക്കിംഗ് പ്രശ്നത്തിന് പരിഹാരം കാണാതെ ഇത്തരത്തിൽ ഏകപക്ഷീയമായി ചെയ്യുന്ന പ്രവൃത്തികൾ കാമ്പസിലെ അന്തരീക്ഷം കലുഷമാക്കാനിടയാക്കുമെന്നും സർക്കാരിന് ഞങ്ങൾ മുന്നറിയിപ്പ് നൽകുന്നു.

തിരുവനന്തപുരം
17.11.2015

അഭിവാദനങ്ങളോടെ,

**എം. എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി
**visit: www.ksea.in**

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848